ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഓഫീസിലെ ക്ലാർക്കുമാരുടെ നിയമനം

1258 (1893) ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഹെൽപ്പർമാരായി ജോലിനോക്കിവരുന്ന ജെ. റ്റി. എസ്. എൽ. സി. ക്കാരെ എൽ. ഡി. ക്ലാർക്കുമാരായി നിയമിക്കാൻ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ പ്രതികൂലമായി ബാധിക്കാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Kerala State Electricity Board Store at Kasaragod

1259. [1894] **Dr. A. Subba Rao** : Will the Minister for Electricity be pleased to State :

(a) Whether the existing Kerala State Electricity Board Store at Kasargod has been shifted to Cannanore ;

(b) if so the reasons for the shifting ;

(c) Whether the Government is aware of the difficulties experienced by the Division and the consumers due to this shifting ;

(d) What remedial action do the Kerala State Electricity Board propose to take to overcome these difficulties ?

Answer

(a) Yes

(b) Consequent on the State-wide re-organisation of all the stores in the distribution wing of Kerala State Electricity Board, the Division Store at Kasargod was also shifted to the Electrical Circle headquarters, Cannanore. But a sub store has been sanctioned for Kasargod.

(c) No

(d) Does not aries

ആർ. ഇ. സി. സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

1260. [1895] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86, 1986-87 വർഷത്തിൽ ഏതെല്ലാം പദ്ധതികൾക്ക് ആർ. ഇ. സി. യുടെ സഹായം ലഭിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതിപ്രകാരം പണികൾ നടക്കുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly